# ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം

**റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്**

**മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം**

**LR/11731/2022-IT CELL 4** തീയതി:21-10-2022

## പരിപത്രം

വിഷയം:- ലാൻഡ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പൊതു പ്രാധാന്യമുള്ള ഉത്തരവുകളും സർക്കുലറുകളും സുപ്രധാന രേഖകളും സമയാസമയം ലാൻഡ് റവന്യൂ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച്

സൂചന:- പൊതുഭരണ (ഏകോപനം) വകുപ്പിന്റെ 21/02/2018 തീയതിയിലെ സി.ഡി.എൻ5/14/18/പൊ.ഭ.വ നമ്പർ പരിപത്രം.

റവന്യൂ വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ പരമാവധി ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവർണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ച് വരികയാണ്. ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയുള്ള സർവീസ് ഡെലിവറി പ്രോത്സാഹിപ്പിക്കുന്നതിനും സേവന ലഭ്യതയുടെ സുതാര്യത വർധിപ്പിക്കുന്നതിനും ഗവേർണൻസിൽ ജനങ്ങളെ നേരിട്ട് പങ്കാളികളാക്കുന്നതിനുമുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി വകുപ്പിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമായ സേവനങ്ങളും ഉപകാരപ്രദമായ വിവരങ്ങളും ഉൾപ്പെടുത്തി ലാൻഡ് റവന്യൂ വകുപ്പിന്റെ വെബ്സൈറ്റ് വിപുലീകരിക്കേണ്ടതുണ്ട്. അതിനാൽ ലാൻഡ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പൊതു പ്രാധാന്യമുള്ള ഉത്തരവുകളുടേയും സർക്കുലറുകളുടേയും, അതുപോലെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ സുപ്രധാന രേഖകളുടേയും പകർപ്പുകൾ ലാൻഡ് റവന്യൂ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി സ്റ്റേറ്റ് ഐ. റ്റി സെല്ലിലേക്ക് നൽകേണ്ടതാണ്.

ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് വന്നിട്ടില്ലാത്തതും നിയമപ്രകാരമുള്ള ഫോമിൽ അപേക്ഷിക്കേണ്ടതുമായ സേവനങ്ങൾക്ക് വേണ്ടിയുള്ള അപേക്ഷ ഫോമുകൾ പൊതു ജനങ്ങൾക്ക് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നതിനായി ലാൻഡ് റവന്യൂ വകുപ്പിന്റെ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതായുണ്ട്. അതിനാൽ വകുപ്പിലെ വിവിധ വിഭാഗങ്ങൾ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് വന്നിട്ടില്ലാത്തതും നിയമപ്രകാരമുള്ള ഫോമിൽ തന്നെ അപേക്ഷിക്കേണ്ടതുമായ സേവനങ്ങൾ ഉണ്ടെങ്കിൽ ഈ സേവനങ്ങൾക്ക് വേണ്ടി ഉപയോഗിക്കേണ്ട നിർദിഷ്ട ഫോമുകളുടെ സോഫ്റ്റ് കോപ്പി, അപേക്ഷിക്കേണ്ട നടപടിക്രമം ഉൾപ്പെടെ, പൊതുജനങ്ങൾക്ക് പ്രയോജനകരമാകും വിധം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി സ്റ്റേറ്റ് ഐ. റ്റി. സെല്ലിലേക്ക് നൽകേണ്ടതാണ്. പ്രധാനപ്പെട്ട ഉത്തരവുകളും സർക്കുലറുകളും ലഭിക്കുന്ന മുറയ്ക്കുതന്നെ അത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി നൽകേണ്ടതും ഈ രേഖകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട് എന്ന് സ്റ്റേറ്റ് ഐ. റ്റി. സെല്ലിലെ ബന്ധപ്പെട്ട ഓഫീസർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

എല്ലാ യൂണിറ്റ് ഓഫീസർമാരും ലാൻഡ് റവന്യൂ വകുപ്പിന്റെ വെബ്സൈറ്റ് പരിശോധിക്കേണ്ടതും അതാത് വിഭാഗങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതായ വിവരങ്ങളും രേഖകളും ഉൾപ്പെടുത്തി വെബ്സൈറ്റ് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിപുലീകരിക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

BIJU K IAS, COMMISSIONER C L R, O/o Commissioner CLR

**ലാൻഡ് റവന്യൂ കമ്മീഷണർ**